2000

# ദീപിക

2000 ആഗസ്റ്റ് 29 ചൊവ്വ



തൃശ്ശൂർ സെൻറ് മേരീസ് കോളേജിൽ ബി.എസ്.സി. ബയോടെക്നോളജി കോഴ്സ് ഉദ്ഘാടനം എ.വി.ടി. ബയോ ടെക്നോളജി ഡിവിഷൻ പ്രസിഡണ്ട് എം. തോമസ് ജേക്കബ്ബ് നിർവ്വഹിക്കുന്നു

# മലയാള മനോരമ

2000 ആഗസ്റ്റ് 8 ചൊവ്വ



□മഞ്ജു എം. രാഘവൻ
ബോട്ടണി ഒന്നാംറാങ്ക്
സെന്റ് മേരീസ്, തൃശൂർ

മലയാള മനോരമ

2000 ആഗസ്റ്റ് 30 ബുധൻ

## കോഴ്സ് തുടങ്ങി

തൃശൂർ: സെയ്ന്റ് മേരീസ് കോളജിലെ ബി.എസ്‌സി. ബയോടെക്നോളജി കോഴ്സ് എ.വി.ടി. ബയോടെക്നോളജി ഡിവിഷൻ പ്രസിഡന്റ് എം. തോമസ് ജേക്കബ് ഉദ്ഘാടനം ചെയ്തു. സി.എം.സി. കോർപ്പറേറ്റ് മാനേജർ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ഫെലിസിറ്റ അധ്യക്ഷത വഹിച്ചു.

പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ആർഫ്രൻസ് ബറ്റ്സി, പി.ടി.എ. പ്രസിഡന്റ് ദേവസി, പ്രഫ. മേരികുഞ്ഞ്, പ്രഫ. ജസമ്മ വർഗീസ് എന്നിവർ പ്രസംഗിച്ചു.

ദീപിക

2000 ആഗസ്റ്റ് 8 ചൊവ്വ

## ഡിഗ്രി കോഴ്സിന് സീറ്റൊഴിവ്

തൃശ്ശൂർ: സെൻറ് മേരീസ് കോളേജിൽ യു.ജി.സി. പദ്ധതിയനുസരിച്ചുള്ള ബി.എസ്.സി.ബയോടെക്നോളജി (വൊക്കേഷണൽ) കോഴ്സിന് സംവരണം സീറ്റുകളിൽഏതാനും ഒഴിവുകളുണ്ട്. താൽപര്യമുള്ള എസ്.എസി., എസ്.ടി. വിദ്യാർത്ഥികൾ ഓഫീസിൽ ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

മലയാള മനോരമ

2000 സെപ്റ്റംബർ 24 ഞായർ

# ജില്ലാ നീന്തൽ: അഞ്ജുവിനും രമ്യയ്ക്കും 5 വീതം റെക്കോർഡ്

തൃശൂർ: ജില്ലാ നീന്തൽ ചാംപ്യൻഷിപ്പിൽ ആദ്യദിനം 115 പോയിന്റുമായി ഒക്ടോപാൽസ് ക്ലബ് മുന്നിലെത്തി. രണ്ടാം സ്ഥാനത്തുള്ള പീച്ചി അക്വാട്ടിക് അസോസിയേഷൻ 55 പോയിന്റ് നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ 41 പോയിന്റോടെ തൃശൂർ സെയ്ന്റ് മേരീസ് കോളജും ഇന്ത്യൻ നൈറ്റ്സ് ക്ലബും മുന്നിട്ടുനിൽക്കുന്നു. 49 മൽസരങ്ങൾ അവസാനിച്ചപ്പോൾ 15 ജില്ലാ മീറ്റ് റെക്കോർഡുകളാണ് വഴിമാറിയത്. ചാംപ്യൻഷിപ്പ് ഇന്ന് സമാപിക്കും.

വനിതാ വിഭാഗത്തിൽ സെയ്ന്റ് മേരീസിലെ വി. രമ്യയും പെൺകുട്ടികളുടെ വിഭാഗത്തിൽ ഇന്ത്യൻ നൈറ്റ്സിലെ അഞ്ജു ജോർജും അഞ്ച് ഇനങ്ങളിൽ വീതമാണ് പുതിയ ചരിത്രമെഴുതിയത്. 100 മീ., 200 മീ. ബാക്ക്സ്ട്രോക്ക്, 100 മീ. ഫ്രീസ്റ്റൈൽ, 200മീ. ബാക്ക്സ്ട്രോക്ക്, 200 മീ. ഇൻഡിവിഡ്വൽ മെഡ്‌ലെ ഇനങ്ങളിൽ റെക്കോർഡ് സ്ഥാപിച്ചപ്പോൾ അഞ്ജുവിന് 50 മീ., 100 മീ. ബട്ടർഫ്ളൈ, 50 മീ. ബാക്ക്സ്ട്രോക്ക്, 100 മീ. ബ്രെസ്റ്റ് സ്ട്രോക്ക്, 200 മീ. ഫ്രീസ്റ്റൈൽ എന്നിവയിലാണ് റെക്കോർഡ്.

എസ്. ബൈജു(110 മീ. ബട്ടർഫ്ളൈ, 100 മീ. ബ്രെസ്റ്റ് സ്ട്രോക്ക്), എസ്. സൈജു(ഇൻഡിവിഡ്വൽ മെഡ്‌ലെ), സജി എസ്.കെ. നായർ(50 മീ. ബ്രെസ്റ്റ് സ്ട്രോക്ക്) എന്നിവരാണ് മറ്റു റെക്കോർഡുകാർ. ആൺകുട്ടികളുടെ 4-100 ഫ്രീസ്റ്റൈൽ റിലേയിൽ ഒക്ടോപാൽസ് ടീമും റെക്കോർഡ് സമയത്തിലാണ് ഫിനിഷ് ചെയ്തത്.

എസ്. ബൈജു(ഒക്ടോപാൽസ്), മനോജ് ആശാരി(സെയ്ന്റ് തോമസ്), ഷാരോൺ സൂസൻ മാത്യു(അക്വാട്ടിക്സ്), എസ്. അരുൺകുമാർ(ഒക്ടോപാൽസ്), അഞ്ജു ജോർജ്(ഇന്ത്യൻ നൈറ്റ്സ്) എന്നിവർ വിവിധ വിഭാഗങ്ങളിൽ വേഗമേറിയ താരങ്ങളായി.

വാട്ടർപോളോ മൽസരത്തിൽ ഇന്ത്യൻ നൈറ്റ്സ് 5-1ന് തൃശൂർ പോളി മെമ്മോറിയൽ ക്ലബിനെ തോൽപ്പിച്ചു.



നീന്തൽ ചാംപ്യൻഷിപ്പിൽ വനിതാ വിഭാഗം കിരീടം നേടിയ തൃശൂർ സെയ്ന്റ് മേരീസ് കോളജ് ടീം.

# നീന്തൽ: കേരളവർമ, സെയ്ന്റ് മേരീസ് ജേതാക്കൾ

തൃശൂർ: കാലിക്കറ്റ് സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ കേരളവർമ കോളജ് 104 പോയിന്റുമായി പുരുഷവിഭാഗത്തിലും സെയ്ന്റ് മേരീസ് കോളജ് 108 പോയിന്റുമായി വനിതാ വിഭാഗത്തിലും ജേതാക്കളായി. പുരുഷവിഭാഗത്തിൽ സെയ്ന്റ് തോമസ് കോളജും (44 പോയിന്റ്) വനിതാ വിഭാഗത്തിൽ വിമല കോളജും (47 പോയിന്റ്) രണ്ടാം സ്ഥാനം നേടി. ചിറ്റൂർ ഗവ. കോളജ് (14 പോയിന്റ്) പുരുഷവിഭാഗത്തിലും സുൽത്താൻ ബത്തേരി സെയ്ന്റ് മേരീസ് കോളജ് (15 പോയിന്റ്) വനിതാ വിഭാഗത്തിലും മൂന്നാമതെത്തി. സെയ്ന്റ് മേരീസിലെ വി. രമ്യ മൂന്നിനങ്ങളിൽക്കൂടി റെക്കോർഡ് സ്വന്തം പേരിലാക്കി ജലറാണിയായി. 200 മീ. ബാക്ക് സ്ട്രോക്ക്, 400 മീ. ഇൻഡിവിഡ്വൽ മെഡ്‌ലെ, 200 മീ. ഫ്രീസ്റ്റൈൽ ഇനങ്ങളിലാണ് രണ്ടാം ദിവസം പുതിയ ചരിത്രമെഴുതിയത്. ആദ്യദിനം 100 മീ. ഫ്രീ സ്റ്റൈലിലും 200 മീ. ഇൻഡിവിഡ്വൽ മെഡ്‌ലെയിലും റെക്കോർഡ് നേടിയിരുന്നു. കേരളവർമ കോളജിലെ സി.സി. സജിത്ത് (28.09) പുരുഷവിഭാഗത്തിലും സുൽത്താൻ ബത്തേരി സെയ്ന്റ് മേരീസിലെ ബിജി വർഗീസ് (32.69) വനിതാ വിഭാഗത്തിലും വേഗമേറിയ താരങ്ങളായി.

മലയാള മനോരമ

2000 ഒക്ടോബർ 29 ഞായർ

## സെയ്ന്റ് മേരീസ് കോളജ്

തൃശൂർ: സെയ്ന്റ് മേരീസ് കോളജിന്റെ അധ്യാപക-രക്ഷാകർതൃ സംഘടനയുടെ ജനറൽബോഡി യോഗത്തിൽ പ്രിൻസിപ്പൽ സിസ്റ്റർ അൽഫോൺസ് ബെറ്റ്സി അധ്യക്ഷത വഹിച്ചു. ദേവസി ചെമ്മണ്ണൂർ, കെ.വി. മോഹനൻ, പ്രഫ. മേരികുഞ്ഞ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: ദേവസി ചെമ്മണ്ണൂർ(പ്രസിഡന്റ്), സിസ്റ്റർ അൽഫോൺസ് ബെറ്റ്സി(വൈസ് പ്രസിഡന്റ്), പ്രഫ. കെ. മേരി ജോസ്(സെക്രട്ടറി), സിസ്റ്റർ ഫിലോ ജയിംസ്(ഖജാൻജി).

## കോളജ് യൂണിയൻ ഭാരവാഹികൾ

ചെയർമാൻ, ജനറൽ സെക്രട്ടറി, യു.യു.സി. എന്ന ക്രമത്തിൽ.

2000 സെപ്റ്റംബർ 8 വെള്ളി



സെയ്ന്റ് മേരീസ് കോളജ്, തൃശൂർ- സിനി വിൻസന്റ് മഞ്ഞില, എം.പി. അനില, എം. ധന്യ.

മാതൃഭൂമി

2000 നവംബർ 12 ഞായറാഴ്ച

# മാതൃഭൂമി കലോത്സവത്തിൽ



ഫാഷൻ ഷോയിൽ രണ്ടാം സ്ഥാനം നേടിയ
തൃശൂർ സെൻററ് മേരീസ് കോളേജ്

മലയാള മനോരമ

2000 ഡിസംബർ 21 വ്യാഴം

# വാഴ്സിറ്റി സൈക്ലിങ്: സെയ്ന്റ് മേരീസിന് കിരീടം

തൃശൂർ: സർവകലാശാല സൈക്ലിങ് ചാംപ്യൻഷിപ്പിൽ സെയ്ന്റ് തോമസ് കോളജ് 59 പോയിന്റോടെ പുരുഷവിഭാഗത്തിലും സെയ്ന്റ് മേരീസ് കോളജ് 27 പോയിന്റോടെ വനിതാ വിഭാഗത്തിലും കിരീടം ചൂടി. പുരുഷവിഭാഗത്തിൽ സി. അച്യുതമേനോൻ ഗവ. കോളജ് രണ്ടാം സ്ഥാനവും വനിതാ വിഭാഗത്തിൽ വിമല കോളജ് രണ്ടാം സ്ഥാനവും നേടി. ഇരുവിഭാഗത്തിലും പ്രജ്യോതി നികേതൻ കോളജിനാണ് മൂന്നാം സ്ഥാനം. സെയ്ന്റ് തോമസിലെ പി. വി. അഭിലാഷ്, സിനിത്ത് വി. ചന്ദ്രൻ എന്നിവർ 13 പോയിന്റോടെ പുരുഷവിഭാഗം വ്യക്തിഗത ചാംപ്യൻമാരായി.

വിവിധ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനംനേടിയവരുടെ പേരുവിവരം ചുവടെ. പുരുഷന്മാർ: 1000 മീ. ടൈം ട്രയൽ, സിനിത്ത് വി. ചന്ദ്രൻ (തൃശൂർ സെയ്ന്റ് തോമസ്), 4000 മീ. ഇൻഡിവിഡ്വൽ പെർസ്യൂട്ട്, 4800 മീ. മാസ്ഡ് സ്റ്റാർട്ട് - പി. വി. അഭിലാഷ് (തൃശൂർ സെയ്ന്റ് തോമസ്), 1000 മീ. സ്പ്രിന്റ്- ആസിഫ് അഹമ്മദ് (തൃശൂർ സെയ്ന്റ് തോമസ്), 1600 മീ. ടീം ടൈം ട്രയൽ, 4000 മീ. ടീം പെർസ്യൂട്ട് - തൃശൂർ സെയ്ന്റ് തോമസ്.

വനിതകൾ: 1000 മീ. ടൈം ട്രയൽ- പി. വി. സവിത (തൃശൂർ സെയ്ന്റ് മേരീസ്), 3000 മീ. ഇൻവിഡ്വൽ പർസ്യൂട്ട്- കെ. ആർ. റെയ്നി (തൃശൂർ വിമല കോളജ്), 3000 മീ. ടീം ടൈം ട്രയൽ- തൃശൂർ സെയ്ന്റ് മേരീസ്.

2000 ഡിസംബർ 19 ചൊവ്വ

# യോഗ: സെയ്ന്റ് തോമസ്, സെയ്ന്റ് മേരീസ് ജേതാക്കൾ

തൃശൂർ: കാലിക്കറ്റ് സർവകലാശാല യോഗ ചാംപ്യൻഷിപ്പിൽ ആതിഥേയരായ തൃശൂർ സെയ്ന്റ് തോമസ് കോളജ് 1327 പോയിന്റോടെ പുരുഷവിഭാഗത്തിലും തൃശൂർ സെയ്ന്റ് മേരീസ് കോളജ് 1291 പോയിന്റോടെ വനിതാ വിഭാഗത്തിലും ജേതാക്കളായി. പുരുഷവിഭാഗത്തിൽ ഗുരുവായൂർ ശ്രീകൃഷ്ണ കോളജ് രണ്ടാം സ്ഥാനവും പുതുക്കാട് പ്രജ്യോതി നികേതൻ മൂന്നാം സ്ഥാനവും നേടി. വനിതാ വിഭാഗത്തിൽ പാലക്കാട് മേഴ്സി കോളജ് രണ്ടാം സ്ഥാനവും ശ്രീകൃഷ്ണ കോളജ് മൂന്നാം സ്ഥാനവും നേടി. പുരുഷവിഭാഗത്തിൽ സെയ്ന്റ് തോമസിലെ കെ.വി. സലിഷ്കുമാർ 271 പോയിന്റോടെയും വനിതാ വിഭാഗത്തിൽ സെയ്ന്റ് മേരീസിലെ കെ.എം. ധന്യ 270 പോയിന്റോടെയും വ്യക്തിഗത ചാംപ്യൻഷിപ്പിൽ ജേതാക്കളായി.

മാതൃഭൂമി

2000 ഡിസംബർ 4 തിങ്കൾ



തൃശൂർ സെയ്ന്റ് മേരീസ് കോളജ് ഫൈൻ ആർട്സ് അസോസിയേഷൻ കുഞ്ചാക്കോ ബോബൻ ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ സിസ്റ്റർ ഡോ. അൽഫോൻസ് ബെറ്റ്സി, ഫൈൻ ആർട്സ് സെക്രട്ടറി ലക്ഷ്മിനായർ, ജനറൽ ക്യാപ്റ്റൻ നിഷാ ബാബു എന്നിവർ സമീപം.

മാതൃഭൂമി

2000 നവംബർ 11 ശനിയാഴ്ച

# കാമ്പസുകൾ നെഞ്ചേറ്റിയ കലോത്സവം



സിനിമാറ്റിക് ഡാൻസ് -സെൻറ് മേരീസ്, തൃശൂർ

മലയാള മനോരമ
2001 ഫെബ്രുവരി 6 ചൊവ്വ

# ജൂഡോ: സെയ്ന്റ് മേരീസും കേരളവർമയും ജേതാക്കൾ

കായികം

തൃശൂർ: കാലിക്കറ്റ് സർവകലാശാല ജൂഡോ ചാംപ്യൻഷിപ്പിൽ തൃശൂർ കേരളവർമ കോളജ് 68 പോയിന്റോടെ പുരുഷ വിഭാഗത്തിലും തൃശൂർ സെയ്ന്റ് മേരീസ് കോളജ് 90 പോയിന്റോടെ വനിതാ വിഭാഗത്തിലും ജേതാക്കളായി. തുടർച്ചയായ നാലാം തവണയാണ് ഇവർ ചാംപ്യൻഷിപ്പ് സ്വന്തമാക്കുന്നത്. ഇരു വിഭാഗങ്ങളിലും പുതുക്കാട് പ്രജ്യോതി നികേതനാണ് രണ്ടാം സ്ഥാനം.

ഡപ്യൂട്ടി മേയർ കെ. രാധാകൃഷ്ണൻ സമ്മാനദാനം നിർവഹിച്ചു. കേരളവർമ കോളജ് പ്രിൻസിപ്പൽ പി.എസ്. നാരായണൻ അധ്യക്ഷത വഹിച്ചു. കെ. ജോയ് വർഗീസ്, എ.വി. സുരേഷ് എന്നിവർ പ്രസംഗിച്ചു.

വിവിധ വിഭാഗങ്ങളിലെ ഒന്നാം സ്ഥാനക്കാരുടെ പേരുവിവരം: 50 കി.- പി.വി. പ്രജീഷ്, 55 കി.- പി.എൽ. ബിജു, 60 കി.- പ്രശാന്ത് പണിക്കർ, 65 കി.- ആർ. കൃഷ്ണാനന്ദ്, 71 കി.- സജൻ പോൾ, 70 കി.- പ്രിക്ടോ തോമസ്, 86 കി.- പ്രവീൺ ചാക്കോ, 86 കി.- വി.പി. ഹരീന്ദ്രനാഥ്.

2001 ജനുവരി 4 വ്യാഴം

# ജോലി ഒഴിവ്

## ഗസ്റ്റ് ലക്ചറർ

ചാലക്കുടി: പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളജിൽ ഇക്കണോമിക്സ് വിഷയത്തിൽ ഒരു ഗസ്റ്റ് ലക്ചററുടെ ഒഴിവുണ്ട്. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റ് സഹിതം ചൊവ്വാഴ്ച 11ന് ഹാജരാകണം.

●തൃശൂർ: സെയ്ന്റ് മേരീസ് കോളജിൽ ഇംഗ്ലീഷ്, ഹിന്ദി വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറർമാരുടെ ഒഴിവ്. 55% മാർക്കോടെ പി.ജി യോഗ്യതയുള്ള ദേശീയ യോഗ്യതാ പരീക്ഷ പാസായവരുടെ അഭാവത്തിൽ 55%മാർക്കുള്ളവരെയും പരിഗണിക്കും. എട്ടാം തീയതി രണ്ടു മണിക്ക് പ്രിൻസിപ്പലിന്റെ ഓഫിസിൽ ഹാജരാവണം.

മലയാള മനോരമ

2001 ഫെബ്രുവരി 19 തിങ്കൾ

ക്യാംപസ് നോട്ട്സ്

# കോളജുകളിൽ വാർഷികാഘോഷം

തൃശൂർ സെയ്ന്റ് മേരീസ് കോളജ് വാർഷികാഘോഷവും വിരമിക്കുന്ന അധ്യാപികമാരുടെ യാത്രയയപ്പ് യോഗവും ആർ.ഡി.ഒ: പി.എം. ഫ്രാൻസിസ് ഉദ്ഘാടനം നിർവഹിച്ചു. 'കില' ഡയറക്ടർ ഡോ.പി.കെ.മൈക്കിൾ തരകൻ പ്രഭാഷണം നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയറും കോളജ് മാനേജരുമായ സിസ്റ്റർ നിർമല അധ്യക്ഷത വഹിച്ചു.

**സെയ്ന്റ് മേരീസ് കോളജ്, തൃശൂർ**

പ്രിൻസിപ്പൽ സിസ്റ്റർ ഡോ.അൽഫോൻസ് ബെറ്റ്സി റിപ്പോർട്ട് അവതരിപ്പിച്ചു. പാലക്കാട് മുനിസിപ്പൽ കൗൺസിലർ ഡോ. പി.ജി. പാർവതി, പി.ടി.എ. പ്രസിഡന്റ് ദേവസ്സി ചെമ്മണ്ണൂർ, ഡോ. മേരിക്കുഞ്ഞ്, വിദ്യാർഥി പ്രതിനിധി അനില, പ്രഫ. നിർമല ജോസഫ്, കോളജ് യൂണിയൻ ചെയർ പേഴ്സൺ സിനി വിൻസന്റ്, വിരമിക്കുന്ന എ.ഒ: സെലിൻ, എം.ടി.റീത്ത, തങ്കമ്മ ജോർജ്, എം.സി. ഗ്രേയ്സി, ബേബി ജോൺ, ടി.എഫ്. ആഡ്‌ലിൻ എന്നിവർ പ്രസംഗിച്ചു. റിട്ടയർ ചെയ്യുന്ന അധ്യാപികമാർക്കുള്ള പി.ടി.എയുടെ ഉപഹാരം ദേവസ്സി ചെമ്മണ്ണൂർ സമ്മാനിച്ചു. ഉന്നതവിജയം നേടിയ കുട്ടികൾക്കുള്ള സമ്മാനം പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ നിർമല വിതരണം ചെയ്തു.



തൃശൂർ സെയ്ന്റ് മേരീസ് കോളജ് വാർഷികാഘോഷം ആർ.ഡി.ഒ: പി.എം. ഫ്രാൻസിസ് ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ സിസ്റ്റർ അൽഫോൻസ് ബെറ്റ്സി, പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ നിർമല, കില ഡയറക്ടർ ഡോ.പി.കെ.മൈക്കിൾ തരകൻ, ദേവസി ചെമ്മണ്ണൂർ, ചെയർ പേഴ്സൺ സിനിവിൻസന്റ് എന്നിവർ സമീപം.

ദീപിക

2001 മാർച്ച് 3 ശനി

# സെന്റ് മേരീസ് കോളജിലെ പ്രതിഭകളെ ആദരിച്ചു

തൃശൂർ: സെന്റ് മേരീസ് കോളജിലെ പ്രതിഭാദിനാഘോഷം ഡിഐജി ഡോ. അലക്സാണ്ടർ ജേക്കബ് ഉദ്ഘാടനം ചെയ്തു.

അധ്യാപക രക്ഷാകർതൃസംഘടന 2000-2001 അധ്യയനവർഷത്തിലെ 56 വിദ്യാർഥികളെ പ്രതിഭകളായി അംഗീകരിച്ച് സ്വർണമെഡലുകളും കാഷ് അവാർഡുകളും ട്രോഫികളും നല്കി ആദരിച്ചു.

സർവകലാശാലാ പരീക്ഷകളിലെ റാങ്ക് ജേതാക്കൾ, ദേശീയ അന്തർ സർവകലാശാലാ തലങ്ങളിൽ വിജയികളായ കലാകായിക താരങ്ങൾ എന്നിവരാണ് പ്രതിഭകളായി അംഗീകരിക്കപ്പെട്ടത്.

പ്രിൻസിപ്പൽ ഡോ. സിസ്റ്റർ അൽഫോൻസ് ബെറ്റ്സി, പി.ടി.എ. പ്രസിഡന്റ് ദേവസി ചെമ്മണ്ണൂർ, പ്രഫ. മേരി ജോസ്, പ്രഫ. റെജി റാഫേൽ, പ്രഫ. കെ.എൽ. സ്വർണ, പ്രഫ. വസന്ത നായർ എന്നിവർ പ്രസംഗിച്ചു. അധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർഥിനികളും പി.ടി.എ ഭാരവാഹികളും യോഗത്തിൽ സംബന്ധിച്ചു.



തൃശൂർ സെന്റ് മേരീസ് കോളജിലെ പ്രതിഭാ ദിനാഘോഷം ഡിഐജി ഡോ. അലക്സാണ്ടർ ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ ഡോ. സിസ്റ്റർ അൽഫോൻസ് ബെറ്റ്സി, പി.ടി.എ പ്രസിഡന്റ് ദേവസി ചെമ്മണ്ണൂർ, എന്നിവർ സമീപം.